ഫയൽ നമ്പർ: 433-E4-2024-IKM

<u>ഭരണഭാഷ-മാതൃഭാഷ</u>


**ഇൻഫർമേഷൻ കേരള മിഷൻ**
**പബ്ലിക് ഓഫീസ് കോംപ്ലക്സ് തിരുവനന്തപുരം**
**പിൻ കോഡ്- 695033 GSTIN:32AAAA15509H2Z0**
**ഫോൺ നമ്പർ : 471-2773100 ഇമെയിൽ :mail.ikm@kerala.gov.in**


## പ്രിൻസിപ്പൽ സെക്രട്ടറി/ചീഫ് മിഷൻ ഡയറക്ടർ/എക്സിക്യൂട്ടീവ് ഡയറക്ടർ(i/C) നടപടിക്രമം

## (ഹാജർ - Dr Santhosh Babu IAS (Rtd))

## സംഗ്രഹം

ഇൻഫർമേഷൻ കേരള മിഷൻ- കെ-സ്മാർട്ട് പദ്ധതിയുമായി ബന്ധപ്പെട്ടിട്ടുള്ള വീഡിയോ ട്യൂട്ടോറിയലുകൾ, പബ്ലിക് റിലേഷൻസ് (പിആർ) ജോലികൾ എന്നിവ ചെയ്യുന്നതിനായി സ്ഥാപനങ്ങൾ/വ്യക്തികളെ -ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നം : P/ E4/117-2025-IKM** **തീയതി : 22-01-2025**

---

പരാമർശം:
1. 25/09/2024 ലെ 918/E4/2023/IKM നമ്പർ ഉത്തരവ്
2. 07/10/2024-ലെ സ്ഥാപനങ്ങൾ/വ്യക്തികളുടെ ഡെമോൺസ്ട്രേഷൻ
3. 24/10/2024 ലെ ഐകെഎം ഡിഎംസി തീരുമാനം

## ഉത്തരവ്

ഇൻഫർമേഷൻ കേരള മിഷൻ തദ്ദേശ സ്ഥാപനങ്ങൾക്കുവേണ്ടി നിലവിൽ വികസിപ്പിച്ച കെ-സ്മാർട്ട് ആപ്പ്ലിക്കേഷനിലെ സിറ്റിസൺ സർവ്വീസ് മൊഡ്യൂളുകളുടെ വീഡിയോ ട്യൂട്ടോറിയലുകൾ നിർമ്മിക്കുന്നതിനും, കെ-സ്മാർട്ട് പദ്ധതിയുമായി ബന്ധപ്പെട്ടിട്ടുള്ള പബ്ലിക് റിലേഷൻസ് (പിആർ) ജോലികൾ ഏറ്റെടുത്തു ചെയ്യുന്നതിനുമായി സ്ഥാപനങ്ങൾ/വ്യക്തികളിൽ നിന്നും താല്പര്യപത്രവും, ഡോക്യുമെന്റുകളും ക്ഷണിച്ചിരുന്നു. തുടർന്ന് മേൽ പ്രവൃത്തികൾ ചെയ്യുന്നതിനായി അനുയോജ്യമായ സ്ഥാപനങ്ങൾ/വ്യക്തികളെ തെരഞ്ഞെടുക്കുന്നതിനുവേണ്ടി പരാമർശ 1 പ്രകാരം എക്സിക്യൂട്ടീവ് ഡയറക്ടർ അധ്യക്ഷനായിട്ടുള്ള ഒരു ക്രിയേറ്റീവ് ജഡ്ജിംഗ് പാനൽ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

സ്ഥാപനങ്ങൾ/വ്യക്തികൾ സമർപ്പിച്ച താല്പര്യപത്രവും, ഡോക്യുമെന്റുകളും, ഡെമോൺസ്ട്രേഷനും ക്രിയേറ്റീവ് ജഡ്ജിംഗ് പാനൽ അംഗങ്ങൾ പരമാർശം 2 പ്രകാരം പരിശോധിച്ച് വിലയിരുത്തുകയും, മേൽ പ്രവൃത്തികൾ ചെയ്യാൻ അനുയോജ്യമായ സ്ഥാപനങ്ങൾ/വ്യക്തികളെ കണ്ടെത്തി ലിസ്റ്റ് സഹിതം സമർപ്പിക്കുകയും ചെയ്തു. മേൽ നടപടികളും, ലിസ്റ്റും പരാമർശം 3 പ്രകാരം ചേർന്ന ഐകെഎം ഡിഎംസി യോഗം വിശദമായി പരിശോധിക്കുകയും പ്രസ്തുത പ്രവൃത്തികൾ ചെയ്യുന്നതിനായി സ്ഥാപനങ്ങൾ/വ്യക്തികളെ ചുമതലപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പരാമർശം 3 ലെ യോഗ തീരുമാന പ്രകാരം ഇൻഫർമേഷൻ കേരള മിഷൻ തദ്ദേശ സ്ഥാപനങ്ങൾക്കുവേണ്ടി നിലവിൽ വികസിപ്പിച്ച കെ-സ്മാർട്ട് ആപ്ലിക്കേഷനിലെ സിറ്റിസൺ സർവ്വീസ് മൊഡ്യൂളുകളുടെ **വീഡിയോ ട്യൂട്ടോറിയലുകൾ നിർമ്മിക്കുന്നതിനായി** ശ്രീ. ഷമീർ ബാബു-മൂവിംഗ്ക്രാഫ്റ്റ്, ശ്രീ. അജയൻ-എം എസ് ക്യാപ്പിനെയും **പബ്ലിക് റിലേഷൻസ് വർക്കുകൾ ചെയ്യുന്നതിനായി-** ഡേവിഡ്സൺ പി ആർ & കമ്മ്യൂണിക്കേഷൻസിനെയും ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

മേൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട് ചെലവാകുന്ന തുക ഐകെഎം തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള നടപടികൾ ഫിനാൻസ് വിഭാഗം സ്വീകരിക്കേണ്ടതാണ്.

Signature Not Verified
Digitally signed by DR.SANTHOSH BABU I A S
Date: 2025.01.22 07:32:36 IST
Reason: KSMART

പ്രിൻസിപ്പൽ സെക്രട്ടറി/ചീഫ് മിഷൻ
ഡയറക്ടർ/എക്സിക്യൂട്ടീവ് ഡയറക്ടർ(i/C)

പകർപ്പ്

1. ചീഫ് മിഷൻ ഡയറക്ടറുടെ സി എ
2. എക്സിക്യൂട്ടീവ് ഡയറക്ടറുടെ സി എ
3. കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷന്റെ സി എ
4. ഫിനാൻസ് വിഭാഗം